**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2259** **11-10-2021 - ൽ മറുപടിയ്ക്ക്**

**പഞ്ചായത്ത് തല വികസന സദസ്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പ്രമോദ് നാരായൺ** | | **Shri M. V. Govindan Master**<br>**(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | എം.എൽ.എ. മാരുടെ നേതൃത്വത്തിൽ ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടുകൂടി മണ്ഡലത്തിൽ ദീർഘകാലാടിസ്ഥാനത്തിലുള്ള മൂലധന നിക്ഷേപവും വികസനവും ലക്ഷ്യമിട്ടുള്ള പഞ്ചായത്ത് തല വികസന സമിതിയ്ക്കായി ഒരു പദ്ധതി ആവിഷ്കരിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) | എം.എൽ.എ. ഫണ്ട് ഉൾപ്പടെ വിവിധ സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ടുകൾ തദ്ദേശ ഭരണ സ്ഥാപന തലത്തിൽ സമന്വയിപ്പിച്ച് വികസന പദ്ധതികൾ ആവിഷ്കരിക്കുന്ന രീതി ഇപ്പോൾ തന്നെ സാധ്യമാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന വികസനഫണ്ട്, മെയിന്റനൻസ് ഫണ്ട്, തനത് ഫണ്ട്, കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ ഫണ്ട്, സംഭാവന തുടങ്ങിയ എല്ലാ സ്രോതസ്സുകളും ഇപ്രകാരം സമന്വയിപ്പിക്കുന്നതിന് കഴിയും. അതിനുള്ള മാർഗനിർദ്ദേശങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. ആർദ്രം മിഷന്റെയും പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെയും ഭാഗമായി ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിൽ നിരവധി വികസന പ്രവർത്തനങ്ങൾ മുൻ വർഷങ്ങളിൽ ആരംഭിച്ചിട്ടുണ്ട്. കിഫ്ബി പ്രോജക്ടുകളും നടപ്പാക്കുന്നുണ്ട്. ഈ രണ്ട് മേഖലകൾക്കും പ്രാദേശിക സർക്കാരുകൾ വലിയൊരു തുക മാറ്റി വയ്ക്കുന്നുമുണ്ട്. ആരോഗ്യ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്നതിന് പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡ് ഇനത്തിൽ അടുത്ത അഞ്ച് വർഷം കൊണ്ട് ലഭിക്കുന്ന 2968.28 കോടി രൂപയും ആരോഗ്യ മേഖലയ്ക്കായി ലഭ്യമാകും. ഈ സാഹചര്യത്തിൽ പുതിയൊരു പദ്ധതി പരിഗണനയിലില്ല. |
| (ബി) | പഞ്ചായത്ത് തലത്തിൽ ആരോഗ്യ - വിദ്യാഭ്യാസ മേഖലയിലേക്കായി പ്രസ്തുത വികസന സമിതി വഴി വർഷം തോറും മൂന്ന് കോടിയിൽ കുറയാത്ത ആസ്തി വികസന പദ്ധതി എം.എൽ.എ. - എ.ഡി.എസ്. പോലെ എൽ.എസ്.ജി. - എ.ഡി.എസ്. എന്ന പേരിൽ ആരംഭിക്കുമോ? | (ബി) | എം.എൽ.എ. ഫണ്ട് ഉൾപ്പടെ വിവിധ സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ടുകൾ തദ്ദേശ ഭരണ സ്ഥാപന തലത്തിൽ സമന്വയിപ്പിച്ച് വികസന പദ്ധതികൾ ആവിഷ്കരിക്കുന്ന രീതി ഇപ്പോൾ തന്നെ സാധ്യമാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന വികസനഫണ്ട്, മെയിന്റനൻസ് ഫണ്ട്, തനത് ഫണ്ട്, കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ ഫണ്ട്, സംഭാവന തുടങ്ങിയ എല്ലാ |

| | | | |
|---|---|---|---|
| | | | സ്രോതസ്സുകളും ഇപ്രകാരം സമന്വയിപ്പിക്കുന്നതിന് കഴിയും. അതിനുള്ള മാർഗനിർദ്ദേശങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. ആർദ്രം മിഷന്റെയും പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെയും ഭാഗമായി ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിൽ നിരവധി വികസന പ്രവർത്തനങ്ങൾ മുൻ വർഷങ്ങളിൽ ആരംഭിച്ചിട്ടുണ്ട്. കിഫ്ബി പ്രോജക്ടുകളും നടപ്പാക്കുന്നുണ്ട്. ഈ രണ്ട് മേഖലകൾക്കും പ്രാദേശിക സർക്കാരുകൾ വലിയൊരു തുക മാറ്റി വയ്ക്കുന്നുമുണ്ട്. ആരോഗ്യ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്നതിന് പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡ് ഇനത്തിൽ അടുത്ത അഞ്ച് വർഷം കൊണ്ട് ലഭിക്കുന്ന 2968.28 കോടി രൂപയും ആരോഗ്യ മേഖലയ്ക്കായി ലഭ്യമാകും. ഈ സാഹചര്യത്തിൽ പുതിയൊരു പദ്ധതി പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ